# മധുരമായ കുട്ടികളെ, നിങ്ങൾക്ക് ഏതൊരു ദേഹധാരിയിലും കുടുങ്ങേണ്ട, നിങ്ങൾ അശരീരിയായി ബാബയെ ഓർമിക്കൂ എങ്കിൽ ആയുസു വർധിക്കും, നിരോഗിയായിക്കൊണ്ടിരിക്കും

**ചോദ്യം–** വിവേകശാലി കുട്ടികളുടെ മുഖ്യഅടയാളങ്ങൾ എന്തായിരിക്കും?
**ഉത്തരം–** ആരാണോ വിവേകശാലികൾ അവർ ആദ്യം അവനവനിൽ ധാരണ ചെയ്ത് പിന്നെ മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കും. മേഘം നിറച്ച് പോയി വർഷിക്കും. പഠനത്തിന്റെ സമയത്ത് അലസരാകില്ല. ബ്രാഹ്മണിമാർക്ക് ഉത്തരവാദിത്തമുണ്ട്– ഇവിടെ അവരെയാണ് കൊണ്ടുവരേണ്ടത് ആരാണോ റിഫ്രഷ് ആയി പോയി പിന്നെ മഴ പെയ്യിക്കുക. ഇവിടെ അവരെയാണ് കൊണ്ടുവരേണ്ടത് ആരാണോ നന്നായി യോഗത്തിൽ ഇരുന്ന് അന്തരീക്ഷത്തെ ശക്തിശാലിയാക്കുവാൻ സഹായിക്കുന്നത്, വിഘ്നമിടാതിരിക്കുന്നത്. ഇവിടെ ഈ പരിസരത്ത് വളരെ ശാന്തി ഉണ്ടായിരിക്കണം. ഒരു തരത്തിലുമുള്ള ഒച്ചയുണ്ടാകരുത്.

**ഗീതം–** ഓം നമ ശിവായ..........

ഓം ശാന്തി. ഓം ശാന്തിയുടെ അർഥം മനസിലാക്കിത്തന്നുവല്ലോ– ബാബ പറയുന്നു ആത്മാവും പരമാത്മാവും ശാന്തസ്വരൂപമാണ്. അച്ഛൻ എങ്ങനെയോ അങ്ങനെ മക്കൾ. അപ്പോൾ ബാബ മക്കൾക്ക് മനസിലാക്കിത്തരികയാണ് നിങ്ങൾ ശാന്തസ്വരൂപം തന്നെയാണ്. പുറമെ നിന്ന് ശാന്തി ലഭിക്കുകയില്ല. ഇത് രാവണന്റെ രാജ്യമല്ലേ. ഇപ്പോൾ ഈ സമയത്ത് നിങ്ങൾ കേവലം സ്വന്തം അച്ഛനെ ഓർമ്മിക്കൂ, ഞാൻ ഇദ്ദേഹത്തിൽ ഇരിക്കുകയാണ്. നിങ്ങൾക്ക് എന്ത് നിർദേശമാണോ നൽകുന്നത് അതിലൂടെ നടക്കണം. ബാബ ഒരു പേരിലും രൂപത്തിലും കുടുക്കുന്നില്ല. ഈ രൂപത്തിൽ നിങ്ങൾ കുടുങ്ങാൻ പാടില്ല. ലോകം മുഴുവനും നാമത്തിലും രൂപത്തിലും കുടുക്കുകയാണ്. ബാബ പറയുന്നു ഇവർക്കെല്ലാം നാമവും രൂപവുമുണ്ടല്ലോ, ഇവരെ ഓർമ്മിക്കരുത്. തന്റെ അച്ഛനെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ആയുസ്സും ഓർമ്മയിലൂടെ വർദ്ധിക്കും, നിരോഗിയുമായി തീരും. ലക്ഷ്മി നാരായണനും നിങ്ങളെ പോലെയായിരുന്നു, എന്നാൽ അവർ അലങ്കരിക്കപ്പെട്ടവരാണ്. മേൽക്കൂരയോളം ഉയരം ഉള്ളവരായിരുന്നു എന്നൊന്നുമല്ല. മനുഷ്യൻ മനുഷ്യൻ തന്നെയാണ്. അതിനാൽ ബാബ പറയുകയാണ് ഏതൊരു ദേഹധാരിയെയും ഓർമ്മിക്കരുത്. ദേഹത്തെ മറക്കണം. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം– ഈ ശരീരത്തെ ഉപേക്ഷിക്കേണ്ടതാണ്. മറ്റൊരു കാര്യം തെറ്റൊന്നും ചെയ്യരുത്, വികർമ്മത്തിന്റെ ഭാരം ശിരസ്സിൽ ധാരാളം ഉണ്ട്. വളരെ വലിയ ഭാരമാണ്. ബാബയുടെ ഓർമ്മയിലൂടെയല്ലാതെ അത് കുറയുകയില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ആരാണോ ഏറ്റവും ഉയർന്നവരും പാവനവുമായി മാറുന്നത്, അവർ തന്നെയാണ് ഏറ്റവും പതിതമായി മാറുന്നത്, ഇതിൽ അത്ഭുതപ്പെടേണ്ട. സ്വയത്തെ നോക്കണം. ബാബയെ വളരെയധികം ഓർമ്മിക്കണം. എത്ര കഴിയുമോ ബാബയെ ഓർമ്മിക്കണം, വളരെ സഹജമാണ്. ഇത്രയും സ്നേഹിയായ ബാബയെ ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ഓർമ്മിക്കണം. ആരെയാണോ പതിത പാവനാ വരൂ എന്ന് വിളിച്ചിരുന്നത്, പക്ഷെ അത്രയധികം സ്നേഹമൊന്നും ഉണ്ടാകുന്നില്ല. സ്നേഹം പിന്നേയും തന്റെ പതിയോടും മക്കളോടുമായിരിക്കും. കേവലം പതിത പാവനാ വരൂ എന്ന് പറയുമായിരുന്നു. ബാബ പറയുകയാണ് കുട്ടികളേ, ഞാൻ കല്പകല്പം കല്പത്തിന്റെ സംഗമത്തിലാണ് വരുന്നത്. രുദ്ര ജ്ഞാന യജ്ഞം എന്ന് പാടാറുണ്ട്. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ് . വീണ്ടും അതേ നാമത്തിലും രൂപത്തിലും ദേശത്തിലും കാലത്തിലുമല്ലാതെ കൃഷ്ണന് വരാൻ കഴിയുകയില്ല. നെഹ്റു അതേ രൂപത്തിൽ അതേ പദവിയിൽ വീണ്ടും കല്പത്തിനു ശേഷം വരും. അതുപോലെ ശ്രീകൃഷ്ണനും സത്യയുഗത്തിൽ വരും. ആ രൂപഭാവങ്ങൾ മാറുകയില്ല. ഈ യജ്ഞത്തിന്റെ നാമമാണ് രുദ്ര ജ്ഞാന യജ്ഞം. രാജസ്വ അശ്വമേധ യജ്ഞം. രാജ്യാധികാരത്തിന് വേണ്ടി ബലിയർപ്പിക്കുക അർത്ഥം ബാബയുടേതാവുക. ബാബയുടേതായി എങ്കിൽ ഒരാളെ തന്നെ ഓർമ്മിക്കണം. പരിധിയിൽ നിന്നു വിട്ട് പരിധിയില്ലാത്തതുമായി ചേരണം, വളരെ വലിയ അച്ഛനാണ്. നിങ്ങൾക്കറിയാമോ ബാബ വന്ന് എന്താണ് നൽകുന്നത്. പരിധിയില്ലാത്ത ബാബ നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകുകയാണ്, ഇത് വേറെയാർക്കും നൽകാൻ കഴിയുകയില്ല. മനുഷ്യരാണെങ്കിൽ പരസ്പരം വെട്ടുകയും, കൊല്ലുകയും ചെയ്യുകയാണ്, മുമ്പൊന്നും ഇത് ഉണ്ടായിരുന്നില്ല.

നിങ്ങൾക്ക് അറിയാം വീണ്ടും ബാബ വന്നിരിക്കുകയാണ്. പറയുകയാണ് കല്പകല്പം സംഗമയുഗത്തിൽ, പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യേണ്ടപ്പോൾ ഞാൻ വരുന്നു. പുതിയ ലോകം, പുതിയ രാമരാജ്യം

വേണം എന്ന് യാചിക്കുന്നുമുണ്ട്. അവിടെ സുഖവും സമ്പന്നതയും എല്ലാമുണ്ടാകും, വഴക്കുണ്ടാക്കുന്ന ആരും തന്നെയുണ്ടാകില്ല. ശാസ്ത്രങ്ങളിലാണെങ്കിൽ സത്യത്രേതായുഗങ്ങളെയും നരകമാക്കി മാറ്റിയിട്ടുണ്ട്. ഇത് തെറ്റാണല്ലോ. അവർ കേൾപ്പിക്കുന്നത് അസത്യമാണ്, ബാബ സത്യമാണ് കേൾപ്പിക്കുന്നത്. ബാബ പറയുകയാണ് നിങ്ങൾ എന്നെ സത്യം എന്നാണല്ലോ പറയാറുള്ളത്. ഞാൻ വന്ന് സത്യമായ കഥ കേൾപ്പിക്കുകയാണ്. 5000 വർഷങ്ങൾക്ക് മുമ്പ് ഭാരതത്തിൽ ആരുടെ രാജ്യമാണ് ഉണ്ടായിരുന്നത്. കുട്ടികൾക്ക് അറിയാം – തീർച്ചയായും 5000 വർഷങ്ങൾക്ക് മുമ്പ് ഈ ലക്ഷ്മി നാരായണന്റെ രാജ്യമായിരുന്നു. പറയുന്നുമുണ്ട് – ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. കണക്ക് നേരെയാണ്. പറയുകയാണ് കല്പത്തിന്റെ ആയുസ്സ് എന്തിനാണ് ഇത്രയും കൂടുതലായി കാണിച്ചിരിക്കുന്നത്. കണക്ക് നോക്കിക്കൂടേ. ക്രിസ്തു വന്നിട്ട് ഇത്ര വർഷങ്ങൾ കഴിഞ്ഞു. യുഗങ്ങൾ ഈ 4 ആണ് ഉള്ളത്. അരകല്പം പകലും അടുത്ത അരകല്പം രാത്രിയുമായിരിക്കും. മനസ്സിലാക്കി കൊടുക്കുന്നവർ വളരെ നല്ലവരായിരിക്കണം. ബാബ മനസ്സിലാക്കി തരുകയാണ് കുട്ടികളെ, കാമം മഹാശത്രുവാണ്. ഭാരതവാസികളാണ് ദേവതകളുടെ മഹിമ പാടുന്നത് – സർവ്വഗുണ സമ്പന്നരാണ്, 16 കലാ സമ്പൂർണ്ണരാണ്, സമ്പൂർണ്ണ നിർവ്വികാരികളാണ്..പിന്നെ 16108 റാണിമാർ എങ്ങനെയാണ് ഉണ്ടായത്? നിങ്ങൾക്ക് അറിയാം ധർമ്മശാസ്ത്രമായി ഒന്നും തന്നെയില്ല കാരണം ധർമ്മസ്ഥാപകൻ ഉച്ചരിച്ചതാണ് ധർമ്മശാസ്ത്രമാകുന്നത്. ധർമ്മ സ്ഥാപകന്റെ നാമത്തിൽ ശാസ്ത്രങ്ങൾ ഉണ്ടാക്കപ്പെടുകയാണ് ചെയ്തത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ പുതിയ ലോകത്തിലേക്ക് പോവുകയാണ്. ഇതെല്ലാം പഴയതും തമോപ്രധാനവുമാണ്, അതിനാലാണ് ബാബ പറയുന്നത് പഴയ വസ്തുക്കളിൽ നിന്നും ബുദ്ധിയോഗത്തെ മാറ്റി എന്നെ മാത്രം ഓർമ്മിക്കൂ – എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. തെറ്റു ചെയ്യുകയാണെങ്കിൽ ബാബ മനസ്സിലാക്കും ഇവരുടെ ഭാഗ്യമേ ഇങ്ങനെയാണ്. വളരെ സഹജമായ കാര്യമാണ് ഇത്. എന്താണ് ഇത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലേ? മോഹത്തിന്റെ ചരട് എല്ലാ ഭാഗത്തു നിന്നും വേർപെടുത്തി ഒരു ബാബയെ ഓർമ്മിക്കണം. 21 ജന്മങ്ങളിലേക്ക് നിങ്ങൾക്ക് ഇനി ഒരു ദുഃഖവും ഉണ്ടാവുകയില്ല. നിങ്ങൾ കൂനുള്ളവരായി മാറുകയുമില്ല. അവിടെ മനസ്സിലാക്കുന്നു ആയുസ്സ് പൂർത്തിയാവുകയാണ്, ഒരു ശരീരം ഉപേക്ഷിച്ച് എനിക്ക് പുതിയത് എടുക്കണം. സർപ്പത്തിന്റെ ഉദാഹരണം പോലെ, മൃഗങ്ങളുടെ ഉദാഹരണം നൽകുന്നു. തീർച്ചയായും അവർക്ക് മനസ്സിലാകുന്നുണ്ടാകും. ഈ സമയത്തെ മനുഷ്യരെക്കാളും ബുദ്ധി മൃഗങ്ങൾക്കുണ്ട്. ഭ്രമരി വണ്ടിന്റെ ഉദാഹരണവും ഇവിടെയുള്ളവരെ കുറിച്ചാണ്. എങ്ങനെയാണ് കീടങ്ങളെ കൊണ്ടു വരുന്നത്. ഇപ്പോൾ നിങ്ങളുടെ സുഖത്തിന്റെ ദിനങ്ങൾ വരാൻ പോവുകയാണ്. പെൺകുട്ടികൾ പറയുകയാണ് ഞങ്ങൾ പവിത്രമായി ജീവിക്കുന്നു, അതിനാൽ വളരെ അടി കൊള്ളേണ്ടി വരുന്നു. അതെ കുട്ടികളെ, കുറച്ചൊക്കെ സഹിക്കുക തന്നെ വേണം. അബലകൾക്ക് ഉപദ്രവം നടന്നതായി പാടിയിട്ടുണ്ട്. അത്യാചാരം നടക്കണം എങ്കിലെ പാപത്തിന്റെ കുടം നിറയുകയുള്ളൂ. രുദ്ര ജ്ഞാന യജ്ഞത്തിൽ ധാരാളം വിഘ്നങ്ങൾ ഉണ്ടാകും. അബലകൾക്കു മേൽ അത്യാചാരം നടക്കും. ഇതിനെകുറിച്ച് ശാസ്ത്രങ്ങളിലും പാടിയിട്ടുണ്ട്. പെൺകുട്ടികൾ പറയുകയാണ് ബാബാ ഇന്നേയ്ക്ക് 5000 വർഷങ്ങൾക്ക് മുമ്പും അങ്ങയുമായി കണ്ടുമുട്ടിയിരുന്നു. സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടിയിരുന്നു, മഹാറാണി ആയിട്ടുണ്ടായിരുന്നു. ബാബ പറയുകയാണ് അതെ കുട്ടി, വളരെയധികം പുരുഷാർത്ഥം ചെയ്യേണ്ടതായി വരും. ശിവബാബയെ ഓർമ്മിക്കണം, ബ്രഹ്മാവിനെയല്ല. ഇത് ഗുരുവൊന്നുമല്ല. അദ്ദേഹത്തിന്റെ കാതുകളും കേൾക്കുന്നു. ബാബ നിങ്ങളുടെ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. ഇദ്ദേഹത്തിലൂടെ പഠിച്ച് മറ്റുള്ളവരെ പഠിപ്പിക്കുകയാണ്. സർവ്വരുടേയും അച്ഛൻ ഒരാളാണ്. നമ്മളേയും പഠിപ്പിക്കുന്നത് ബാബ തന്നെയാണ് അതിനാൽ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം. വിഷ്ണുവിനെ അഥവാ ബ്രഹ്മാവിനെ പതികളുടേയും പതിയെന്ന് പറയില്ല. ശിവബാബയാണ് പതികളുടേയും പതി. അതിനാൽ എന്തുകൊണ്ട് ബാബയെ തന്റേതാക്കി കൂടാ. നിങ്ങളെല്ലാവരും ആദ്യം മൂലവതനത്തിൽ തന്റെ അച്ഛൻവീട്ടിൽ പോകും, പിന്നെ നിങ്ങൾക്ക് അമ്മായിയച്ഛന്റെ വീട്ടിലേക്കും വരണം. ആദ്യം ശിവബാബയുടെ അടുത്ത് സലാം ചെയ്യണം, അതിനു ശേഷം സത്യയുഗത്തിൽ വരും. എത്ര സഹജമായ കാലണയുടെ കാര്യമാണിത്.

ബാബ എല്ലാ ഭാഗത്തുമുള്ള കുട്ടികളെ കാണുന്നുണ്ട്. എവിടേയും ആരും കോട്ടുവായിടുന്നില്ലല്ലോ. കോട്ടുവായിട്ടാൽ, അലസരായാൽ, ബുദ്ധിയോഗം മാറിയാൽ, പിന്നെ അവർ അന്തരീക്ഷത്തെ മോശമാക്കും, എന്തുകൊണ്ടെന്നാൽ ബുദ്ധിയോഗം പുറത്ത് അലയുകയല്ലേ. അതിനാലാണ് ബാബ എപ്പോഴും പറയുന്നത് ഇങ്ങനെയുള്ള മേഘങ്ങളെ കൊണ്ടു വരൂ അവർ പുത്തനുണർവുമായി പോയി മഴ പെയ്യിക്കണം. ബാക്കി വന്നിട്ട് എന്തു ചെയ്യാൻ. കൂട്ടി കൊണ്ടു വരുന്നവർക്കും ഉത്തരവാദിത്വമുണ്ട്. ഏതു ബ്രാഹ്മണിയാണ് വിവേകശാലി സ്വയം നിറച്ച് പോയി വർഷിക്കുന്നവരെ കൂട്ടി കൊണ്ടു വരാൻ. ബാക്കിയുള്ളവരെ കൊണ്ടു വന്നിട്ട് എന്താണ് പ്രയോജനം. കേട്ട്, ധാരണ ചെയ്ത്, പിന്നെ ധാരണ ചെയ്യിപ്പിക്കണം. പരിശ്രമം ചെയ്യണം. ഏത് ഭണ്ഡാരത്തിൽ നിന്നാണോ കഴിക്കുന്നത്, കാല കണ്ടകശനി ഇല്ലാതാകുന്നു. അപ്പോൾ ഇവിടെ അവർ വരണം ആർക്കാണോ യോഗത്തിലും നല്ല രീതിയിൽ ഇരിക്കാൻ കഴിയുന്നത്. ഇല്ലെങ്കിൽ അന്ത

രീക്ഷത്തെ മോശമാക്കുന്നു. ഈ സമയത്ത് മറ്റൊരു കാര്യവും സൂക്ഷിക്കണം. ഫോട്ടോയും മറ്റും എടുക്കേണ്ട കാര്യമില്ല. എത്ര സാധിക്കുമോ ബാബയുടെ ഓർമ്മയിൽ കഴിഞ്ഞ് യോഗദാനം നൽകണം. പരസ്പരം വളരെ ശാന്തിയിൽ കഴിയണം. ആശുപത്രികൾ കൂടുതലും ഏകാന്തമായ സ്ഥലങ്ങളിൽ, ശബ്ദങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലായിരിക്കും. രോഗിക്ക് ശാന്തിയാണ് വേണ്ടത്. നിങ്ങൾക്ക് നിർദേശം ലഭിക്കുന്നുണ്ട് – അതിനാൽ ആ ശാന്തിയിൽ കഴിയണം. ബാബയെ ഓർമ്മിക്കണം, ഇതാണ് യഥാർത്ഥമായ ശാന്തി. ബാക്കി എല്ലാം കൃത്രിമമാണ്. അവർ പറയാറില്ലേ രണ്ടു മിനിറ്റ് ഡെഡ് സൈലൻസ് എന്നെല്ലാം , പക്ഷെ ആ രണ്ട് മിനിറ്റ് പോലും ബുദ്ധി എവിടെയെല്ലാം കറങ്ങുന്നു എന്നത് അറിയില്ല. ഒരാൾക്ക് പോലും സത്യമായ ശാന്തിയില്ല. നിങ്ങൾ വേറിട്ടവരാകുന്നു. നമ്മൾ ആത്മാക്കളാണ്, ഇതാണ് തന്റെ സ്വധർമ്മത്തിൽ കഴിയുക. ബാക്കി കോട്ടുവായിട്ട് ശാന്തിയിൽ കഴിയുക, ഇത് യഥാർത്ഥമായ ശാന്തിയല്ല. പറയുന്നു മൂന്ന് മിനിറ്റ് സൈലൻസ്, അശരീരി ഭവ – ഇത് പറയുന്നതിനുള്ള ശക്തി വേറെയാർക്കും ഇല്ല. ബാബയുടെ മഹാവാക്യമാണ്– ഓമനകളായ കുട്ടികളെ, എന്നെ ഓർമ്മിക്കൂ എങ്കിൽ ജന്മജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. ഇല്ലെങ്കിൽ പദവി ഭ്രഷ്ടമാകും അതോടൊപ്പം ശിക്ഷകളും അനുഭവിക്കേണ്ടി വരും. ശിവബാബയുടെ നിർദേശത്തിലൂടെ നടക്കുകയാണെങ്കിൽ മംഗളം ഉണ്ടാകും. ബാബയെ സദാ ഓർമ്മിക്കണം. എത്ര കഴിയുമോ ഏറ്റവും മധുരമായ ബാബയെ ഓർമ്മിക്കൂ. വിദ്യാർത്ഥിക്ക് തന്റെ ടീച്ചറിന്റെ മാനം കാക്കാൻ വളരെ ശ്രദ്ധ വെക്കേണ്ടതുണ്ട്. കൂടുതൽ വിദ്യാർത്ഥികൾ പാസ്സാകുന്നില്ലെങ്കിൽ ടീച്ചർക്ക് സമ്മാനമൊന്നും ലഭിക്കില്ല. ഇവിടെ കൃപയുടേയും ആശീർവ്വാദത്തിന്റെ കാര്യമില്ല. ഓരോരുത്തരും അവരവരുടെ മേൽ കൃപ അഥവാ ആശീർവ്വാദം കാണിക്കണം. വിദ്യാർത്ഥി സ്വയം കൃപ കാണിക്കാറുണ്ട്, പരിശ്രമം ചെയ്യാറുണ്ട്. ഇതും പഠിപ്പാണ്. എത്ര യോഗം വെക്കുന്നോ അത്രും വികർമ്മാജീത്താകും, ഉയർന്ന പദവി നേടും. ഓർമ്മയിലൂടെ സദാ നിരോഗിയാകും. മൻമനാഭവ. ഇങ്ങനെ ഒരിക്കലും കൃഷ്ണന് പറയാൻ കഴിയുകയില്ല. നിരാകാരനായ ബാബയാണിത് പറയുന്നത് – വിദേഹി ആകണം. ഇത് ഈശ്വരീയമായ പരിധിയില്ലാത്ത കുടുംബമാണ്. മാതാപിതാവ്, സഹോദരീസഹോദരൻമാർ, ഇതല്ലാതെ വേറെ ഒരു ബന്ധവുമില്ല. മറ്റു ബന്ധങ്ങളിൽ ചെറിയച്ഛൻ, അമ്മാവൻ, വലിയച്ഛൻ ഇതെല്ലാം ഉണ്ടാകും. ഇവിടെ സഹോദരി സഹോദരന്റെ സംബന്ധമാണ് ഉള്ളത്. ഇങ്ങനെ സംഗമത്തിലല്ലാതെ വേറെ ഒരു സമയത്തും ഉണ്ടാവുകയില്ല. മാതാ പിതാവിൽ നിന്നും സ്വത്ത് എടുക്കുന്ന സമയത്ത്. അളവില്ലാത്ത സുഖസമ്പത്ത് നേടുകയല്ലേ. രാവണ രാജ്യത്തിൽ അളവില്ലാത്ത ദുഖമാണ് ഉള്ളത്. രാമരാജ്യത്തിൽ അളവില്ലാത്ത സുഖമാണ് ഉണ്ടായിരുന്നത്, അതിനുള്ള പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്യുന്നത്. ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത് കല്പകല്പത്തേക്ക് ഉറപ്പിക്കുകയാണ്. പ്രാപ്തി വളരെ കനത്തതാണ്. കോടിപതികളുടെയും ലക്ഷപ്രഭുക്കളുടെയുമെല്ലാം പൈസ മണ്ണിൽ ചേരും. ചെറിയ യുദ്ധം വരുകയാണെങ്കിൽ കാണാം എന്തെല്ലാം സംഭവിക്കുമെന്ന്. ബാക്കി കഥയുള്ളത് നിങ്ങൾ കുട്ടികളെ കുറിച്ചാണ്. സത്യമായ കഥ കേട്ട് നിങ്ങൾ കുട്ടികൾ സത്യഖണ്ഡത്തിന്റെ അധികാരികളാകും. ഇത് പക്കാ നിശ്ചയമല്ലേ. നിശ്ചയമില്ലാതെ ആർക്കും ഇങ്ങോട്ട് വരാൻ കഴിയുകയില്ല. നിങ്ങൾ കുട്ടികൾക്ക് ഒരു തെറ്റും ചെയ്യാൻ പാടില്ല. ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്ത് എടുക്കണം, മമ്മയും ബാബയും എടുക്കുന്നതു പോലെ. ശരി.

മധുരമധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1) ശരീരത്തിൽ നിന്നും വേറിട്ട് സ്വധർമ്മത്തിൽ സ്ഥിതി ചെയ്യാനുള്ള അഭ്യാസം ചെയ്യണം. എത്ര കഴിയുമോ ഏറ്റവും പ്രിയപ്പെട്ട ബാബയെ ഓർമ്മിക്കണം. മോഹത്തിന്റെ ചരടിനെ എല്ലായിടത്ത് നിന്നും വേർപെ ടുത്തണം.

2) പഠിപ്പിൽ പൂർണ്ണ ശ്രദ്ധ കൊടുത്ത് സ്വയത്തിനു മേൽ കൃപ അഥവാ ആശീർവ്വാദം കാണിക്കണം. ബുദ്ധിയോഗത്തെ പരിധിയുള്ളതിൽ നിന്നും മാറ്റി പരിധിയില്ലാത്തതിൽ കൂട്ടിച്ചേർക്കണം. ബാബയുടേതായി ബാബയിൽ പരിപൂർണ്ണമായും ബലിയർപ്പണമാകണം.

## വരദാനം – സദാ സത്യത്തിന്റെ സംഗത്തിലൂടെ ദുർബലതകളെ സമാപ്തമാക്കുന്ന സഹജയോഗി, സഹജ ജ്ഞാനിയായി ഭവിക്കട്ടെ

ഏത് ദുർബലതയും വരുന്നത് അപ്പോഴാണ് എപ്പോഴാണോ സത്യത്തിന്റെ സംഗത്തിൽ നിന്നും മാറി മറ്റു സംഗം ചേരുന്നത്. അതിനാൽ ഭക്തിയിൽ പറയുന്നു സദാ സത്സംഗത്തിൽ കഴിയൂ. സത് സംഗം എന്നാൽ സദാ സത്യപിതാവിന്റെ കൂട്ടുകെട്ടിൽ കഴിയുക. താങ്കളെല്ലാവർക്കും സത്യമായ ബാബയുടെ കൂട്ടുകെട്ട് വളരെ എളുപ്പമാണ്. എന്തെന്നാൽ അടുത്ത ബന്ധമുണ്ട്. അപ്പോൾ സദാ സത് സംഗത്തിൽ കഴിഞ്ഞ് ദുർബലതകളെ സമാപ്തമാക്കുന്നവരായ സഹജയോഗി, സഹജജ്ഞാനിയായി ഭവിക്കൂ.

**സ്ലോഗൻ – സദാ പ്രസന്നമായിരിക്കണമെങ്കിൽ പ്രശംസ കേൾക്കുവാനുള്ള ഇച്ഛയെ ത്യജിക്കൂ**

## മാതേശ്വരിജിയുടെ അമൂല്യമഹാവാക്യങ്ങൾ
## "മുക്തിയുടെയും ജീവിതമുക്തിയുടെയും അവസ്ഥ"

മുക്തിയും ജീവിതമുക്തിയും രണ്ടിനും അതാത് അവസ്ഥകളുണ്ട്. ഇപ്പോൾ നാം മുക്തി എന്ന വാക്ക് പറയുമ്പോൾ മുക്തിയുടെ അർഥമാണ് ആത്മാവ് ശരീരത്തിന്റെ വേഷത്തിൽ നിന്നും മുക്തമാകുക. പോയ ആത്മാവിന് ശരീരത്തോടു കൂടി ഈ സൃഷ്ടിയിൽ പാർട്ടില്ല. ആത്മാവിന് മനുഷ്യശരീരത്തിൽ പാർട്ടില്ലെങ്കിൽ പോയ ആത്മാവ് നിരാകാരലോകത്താണ്, സുഖ ദു:ഖങ്ങളിൽ നിന്നും വേറിട്ട ലോകത്താണ്. ഇതിനെയാണ് മുക്തഅവസ്ഥ എന്നു പറയുന്നത്. ഇതിനെ ഒരു മുക്തീപദവി എന്നു പറയില്ല. ഏത് ആത്മാവ് കർമബന്ധനത്തിൽ നിന്നും മുക്തമാണോ അതായത് ശരീരത്തിന്റെ വേഷം ധരിച്ചും ആ ആൾ കർമബന്ധനത്തിൽ നിന്നും വേറിട്ടതെങ്കിൽ അതിനെ ജീവിതമുക്തീപദവി എന്നു പറയുന്നു, ഏറ്റവും ഉയർന്ന അവസ്ഥ. അതാണ് നമ്മുടെ ദേവപദത്തിന്റെ പ്രാലബ്ധം. ഇതേ ജന്മത്തിൽ പുരുഷാർഥം ചെയ്യുന്നതിലൂടെ ഈ സത്യയുഗീ ദേവപ്രാലബ്ധം ലഭിക്കുന്നു. അതാണ് നമ്മുടെ ഉയർന്ന പദവി, പക്ഷേ വേഷമില്ലാത്ത ഒരാത്മാവിന് പദവി എന്നെങ്ങനെ പറയും? ആത്മാവിന് സ്റ്റേജിൽ ഭാഗമില്ല എങ്കിൽ മുക്തി ഒരു പദവിയല്ല. ഇപ്പോൾ ഇത്രയും വരുന്ന മനുഷ്യരാശി എല്ലാവരും കൂടിയൊന്നും സത്യയുഗത്തിലേക്ക് പോകുന്നില്ല എന്തെന്നാൽ അവിടെ മനുഷ്യരാശി കുറവാണ്. അപ്പോൾ ആര് എത്ര പ്രഭുവിനൊപ്പം യോഗം വെച്ച് കർമാതീതമായോ അവർ സത്യയുഗീജീവിതമുക്ത ദേവീദേവതാ പദവി നേടുന്നു. ബാക്കി ആര് ധർമരാജന്റെ ശിക്ഷകളനുഭവിച്ച് കർമബന്ധനത്തിൽ നിന്നു മുക്തരായി ശുദ്ധമായി മുക്തിധാമത്തിൽ പോകുന്നു അവർ മുക്തിയിലാണ്. എന്നാൽ മുക്തിധാമത്തിൽ ഒരു പദവിയുമില്ല, ആ അവസ്ഥ പുരുഷാർഥം കൂടാതെ തനിയേ സമയമാകുമ്പോൾ ലഭിക്കുക തന്നെ ചെയ്യുന്നു. ദ്വാപരം മുതൽ കലിയുഗാന്ത്യം വരെ ഉയർന്നു കൊണ്ടിരിക്കുന്ന ജനനമരണത്തിലേക്കു വരേണ്ട എന്ന മനുഷ്യരുടെ ആഗ്രഹം, ആ ആശ അപ്പോൾ പൂർത്തിയാകുന്നു. അതായത് സർവാത്മാക്കൾക്കും മുക്തിധാമത്തിലേക്ക് കടക്കുക തന്നെ വേണം.